Syro Malabar Commission for Liturgy



# നോമ്പ് ആറാം ഞായർ (മർക്കോ 8:31–9,1)

ഈശോയുടെ പീഡാസഹനവും കുരിശുമരണവും അനുസ്മരിക്കുന്ന ആഴ്ചയിലേക്കു കടക്കുന്നതിന്റെ ഒരുക്കമായി, സഹനത്തിന്റെ രക്ഷാകര മൂല്യത്തെക്കുറിച്ചാണ് ഇന്നത്തെ വിശുദ്ധഗ്രന്ഥവായനകൾ നമ്മെ പഠിപ്പിക്കുന്നത്. ഈശോ തന്റെ പീഡാസഹന-മരണോത്ഥാനങ്ങളെപ്പറ്റി നടത്തുന്ന മൂന്നു പ്രവചനങ്ങളിൽ ഒന്നാമത്തേതാണ് സുവിശേഷ പാഠം (മർക്കോ 8:31–9,1).

നോമ്പു കാലമെന്നത് സഹനങ്ങളുടെയും പരിത്യാഗങ്ങളുടെയും പീഡാനുഭവവഴിയിലൂടെ ക്രൂശിതനെ അനുധാവനം ചെയ്യാനുള്ള സമയ മാണ്. കർത്താവിനെ അനുഗമിക്കാൻ കുരിശു വഹിക്കുകയല്ലാതെ മറ്റു മാർഗമില്ലെന്നാണ് വിശുദ്ധ ആഗസ്തീനോസ് പഠിപ്പിക്കുന്നത്. ഒരാൾ പീഡാനുഭവത്തിന് വിധേയമാകുമ്പോൾ ഈശോയുടെ കുരിശിലെ സഹനം ചെറിയതോതിലെങ്കിലും നാം ഏറ്റുവാങ്ങുകയാണ് ചെയ്യുന്നത്. ക്രൂശിതന്റെ പാത പിന്തുടർന്നാൽ മാത്രമേ നമുക്ക് അവനോടൊപ്പം ഉത്ഥാ ന സന്തോഷത്തിൽ പങ്കുചേരാനും നിത്യ ജീവിതം കരസ്ഥമാക്കാനും കഴിയൂ. നോമ്പിന്റെ ചൈതന്യത്തിൽ നിന്നുകൊണ്ട് ഈശോയുടെ പീഡാ സഹനങ്ങളെക്കുറിച്ചു ധ്യാനിക്കാനും, നമ്മുടെ പീഡകളെ മിശിഹായുടെ പീഡാസഹനങ്ങളോടും ചേർത്തുവയ്ക്കാനും നമ്മുടെ അനുദിന കുരിശു കളിൽ ക്രൂശിതന്റെ മുഖം ദർശിക്കാനും തക്കരീതിയിൽ നമ്മുടെ വിശ്വാ സത്തെ ആഴമുള്ളതും ദൃഢതരവുമാക്കാം.

**03-04-2022**

**സീറോമലബാർ ആരാധന ക്രമകമ്മീഷൻ**
**മൗണ്ട് സെന്റ് തോമസ്, കാക്കനാട്**

**Read more: wwwsyromalabarliturgy.org**